പാസ്സാകണമെന്ന നിബന്ധനയില്ല. എന്നാൽ നിയമനത്തിനുശേഷം ചെയിൻ സർവ്വേയിലും ഹയർ സർവ്വേയിലും പരിശീലനം നൽകി വരുന്നു.

"നെടുമങ്ങാട് അപ്പീൽ ആന്റ് ലാന്റ് കംപ്ലെയിൻസ് ഓഫീസ് തുറക്കാൻ നടപടി"

129 (1420)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലെ റീസർവ്വേയിലെ അപാകത പരിഹരിക്കാൻ നെടുമങ്ങാട് അപ്പീൽ ആന്റ് ലാന്റ് കംപ്ലയിൻസ് ഓഫീസ് തുറക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് ഈ ഓഫീസ് തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ആവശ്യം പരിശോധിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

ബിനോയി എന്ന ബി.ഡി.എസ്. വിദ്യാർത്ഥിയെ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവം

മി. സ്പീക്കർ : ഇത് നാലു ദിവസത്തിനു മുൻപു നടന്നതാണ്. പത്രങ്ങളിലൊക്കെ സ്ഥാനം പിടിക്കാൻ കുറച്ചു താമസം വന്നുപോയി. ഇന്നലെ കൊല്ലം സാമാജികൻ ശ്രീ. ബാബു ദിവാകരൻ ഈ വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് തമ്പാനൂർ ബസ് സ്റ്റാൻഡിൽനിന്നും ബിനോയി എന്ന ബി.ഡി.എസ്. വിദ്യാർത്ഥിയെ പിടിച്ചുകൊണ്ടുപോയി പോലീസ് ലോക്കപ്പിലിട്ടു മർദ്ദിച്ചതിന്റെ പേരിൽ സസ്പെൻഷനിലായ പോലീസുകാരുടെയും മറ്റുള്ളവരുടെയും പേരിൽ കേസ് ചാർജ്ജു ചെയ്ത് അറസ്റ്റ് ചെയ്യാത്തതിനെത്തുടർന്നുള്ള പ്രശ്നങ്ങൾ ചട്ടം 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബി. വിജയകുമാർ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇതു മൂന്നു ദിവസം മുൻപു നടന്ന സംഭവമാണ്. കൊല്ലം കിളികൊല്ലൂർ ബിനു മന്ദിരത്തിൽ ബിനോയി എന്ന ബി.ഡി.എസ്. വിദ്യാർത്ഥി 29.2.2000, രാത്രി ഒൻപതു മണിക്കുശേഷം തമ്പാനൂർ ബസ് സ്റ്റാന്റിൽ പാർക്കു ചെയ്തിരുന്ന ബസ്സിലിരിക്കുകയായിരുന്നു. തമ്പാനൂർ പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിൾമാരായ സലാഹുദ്ദീൻ, രാജശേഖരൻ നായർ എന്നിവർ ബിനോയിയെ ബസ്സിൽവച്ച്

LIBRARY ARCHIVES Kerala Legislative Assembly

കസ്റ്റഡിയിലെടുത്തു. സ്റ്റേഷനിൽ കൊണ്ടുവന്ന ബിനോയിയെ സലാഹുദ്ദീൻ, രാജശേഖരൻ എന്നിവർ ചേർന്ന് സ്റ്റേഷനിൽ വച്ച് മർദ്ദിക്കുകയുണ്ടായി. ഹെഡ്കോൺസ്റ്റബിൾ ശ്രീനിവാസന്റെ സാന്നിദ്ധ്യത്തിലാണ് മർദ്ദനം നടന്നത്. തമ്പാനൂർ ബസ് സ്റ്റാന്റിൽ ഒരാളുടെ പേഴ്സ് പോക്കറ്റടിച്ചതുമായി ബന്ധപ്പെട്ട് സംശയിച്ചാണ് ബിനോയിയെ കസ്റ്റഡിയിലെടുത്തതെന്നാണ് പോലീസിന്റെ വിശദീകരണം. കസ്റ്റഡിയിലെടുത്തശേഷം സലാഹുദ്ദീൻ, രാജശേഖരൻ എന്നീ പോലീസുകാരും രഘു എന്ന മറ്റൊരാളും മർദ്ദിച്ചതായും തന്റെ കൈയിലുണ്ടായിരുന്ന 1600 രൂപ പിടിച്ചുവാങ്ങിയതായും ബിനോയി മൊഴി നൽകിയിട്ടുണ്ട്. മൊഴിയുടെ അടിസ്ഥാനത്തിൽ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 50/2000 നമ്പരായി സലാഹുദ്ദീൻ, രാജശേഖരൻ, രഘു എന്നിവരെ പ്രതിയാക്കിക്കൊണ്ട് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. അതീവഗുരുതരവും സർക്കാരിന്റെ നിലപാടിന് വിരുദ്ധവുമായൊരു കാര്യമാണ് ഈ കാര്യത്തിൽ പോലീസ് കോൺസ്റ്റബിൾമാർ ചെയ്തിട്ടുള്ളത്. സംഭവത്തിന്റെ ഗൗരവസ്വഭാവം കണക്കിലെടുത്തുകൊണ്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ട ഹെഡ് കോൺസ്റ്റബിൾ ശ്രീനിവാസൻ, കോൺസ്റ്റബിൾമാരായ സലാഹുദ്ദീൻ, രാജശേഖരൻ നായർ എന്നിവരെ സർവീസിൽ നിന്ന് സസ്പെന്റു ചെയ്തിട്ടുണ്ട്. പോലീസ് ലോക്കപ്പിൽ വച്ചും കസ്റ്റഡിയിൽ വച്ചും ജനങ്ങളെ പീഡിപ്പിക്കുന്നത് അനുവദിക്കുകയില്ല എന്നതാണ് ഗവണ്മെന്റിന്റെ നയം. ഇതിനു വിരുദ്ധമായി മർദ്ദനമഴിച്ചുവിടാൻ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻമാർ തയ്യാറായാൽ അത്തരക്കാർക്കെതിരായി ശക്തമായ നിയമനടപടികൾ സർക്കാർ സ്വീകരിക്കും. തമ്പാനൂർ പോലീസ് സ്റ്റേഷനിലുണ്ടായ ദൗർഭാഗ്യകരമായ സംഭവത്തിനെതിരായി ആവശ്യമായ എല്ലാ നിയമനടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ലോക്കപ്പ് മർദ്ദനം ഭീകരരൂപത്തിലും ഭാവത്തിലും സംസ്ഥാനത്ത് ആവർത്തിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ തലസ്ഥാനത്തു നടക്കുന്ന രണ്ടാമത്തെ ലോക്കപ്പ് മർദ്ദനമാണ് ഈ സംഭവം. ഫെബ്രുവരി 29-ന് രാത്രി ഒൻപതരമണിയോടെ തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ വഴുതക്കാട് ടാഗോർ തീയേറ്ററിനെതിരെയുള്ള കോട്ടൺ ഹൈറ്റ്സ് എന്ന ഫ്ളാറ്റ് സമുച്ചയത്തിലെ '8' 'ഇ' എന്ന തന്റെ അമ്മാവന്റെ ഫ്ളാറ്റിൽ നിന്നും കൊല്ലത്തെ വീട്ടിലേയ്ക്ക് പോകാനായി സൂപ്പർ ഫാസ്റ്റ് ബസ്സിൽ കയറിയിരുന്ന ബിനോയി എന്ന മംഗലാപുരം ദന്തൽ കോളേജിലെ ബി.ഡി.എസ്. വിദ്യാർത്ഥിയെ പോക്കറ്റടിക്കാരനെന്നു മുദ്രകുത്തി. പോലീസ് കോൺസ്റ്റബിൾ രാജശേഖരനും, പോക്കറ്റടിക്കാരനും ഇൻഫോർമറും ഗവണ്മെന്റിന്റെ പുതിയ ജനകീയ പോലീസുകാരനുമായ 'പട്ടാളം രഘുവും' ചേർന്ന് ബസ്സിനുള്ളിൽക്കയറി ബിനോയിയെ പിടിച്ചുവലിച്ചിറക്കി. പോക്കറ്റടിക്കാരനായ ഇൻഫോർമർ ആയ രഘുവിനു മാത്രമേ ആരുടെ കൈവശമാണ് രൂപയുള്ളതെന്ന് അറിയാവൂ. ബിനോയിയുടെ കൈവശം 1600 രൂപയുണ്ടെന്ന് പോക്കറ്റടിക്കാരനായ പട്ടാളം രഘു മനസ്സിലാക്കിക്കൊണ്ട് രാജശേഖരൻ എന്ന പോലീസുകാരന് ഇൻഫർമേഷൻ കൊടുക്കുകയും രാജശേഖരനും പട്ടാളം രഘുവും കൂടി ബസ്സിൽ കയറി അയാളെ പിടിച്ചിറക്കി അയാളുടെ പേരിൽ കേസ്സുണ്ടെന്നും കയ്യിൽ പൈസയുണ്ടെങ്കിൽ അത് ഒതുക്കിത്തീർക്കാമെന്നും രാജശേഖരൻ എന്ന പോലീസുകാരൻ ബിനോയിയോട് പറഞ്ഞു. വഴങ്ങാതിരുന്നപ്പോൾ അവിടെ വച്ചുതന്നെ മർദ്ദനം തുടങ്ങി. പോലീസുകാരനോടൊപ്പം സാധാരണ വേഷത്തിലുണ്ടായിരുന്ന രഘുവും ബിനോയിയെ മർദ്ദിക്കുന്നതു കണ്ട് അവിടെ കൂടിനിന്ന യാത്രക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചെയ്തു. തുടർന്ന് ബിനോയിയെ വലിച്ചിഴച്ച് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നു. മെഡിക്കൽ വിദ്യാർത്ഥിയാണെന്നും അമ്മാവൻ ഇവിടെ അടുത്തു താമസമുണ്ടെന്നും കരഞ്ഞുപറഞ്ഞിട്ടും അതൊന്നും കേൾക്കാൻ പോലീസ് തയ്യാറായില്ല. ഇതിനിടയിൽ ബിനോയിയുടെ പേഴ്സ് കൈക്കലാക്കി അതിലുണ്ടായിരുന്ന 1600 രൂപ പോലീസ് കൈക്കലാക്കി. തുടർന്ന് ലോക്കപ്പിനുള്ളിൽവച്ച് ഷർട്ടും പാന്റും വലിച്ചൂരി ക്രൂരമായി മർദ്ദിച്ചു. ഇതെന്താണ് സർ? അപ്പോൾ സ്റ്റേഷനിലുണ്ടായിരുന്ന സലാഹുദ്ദീൻ എന്ന പോലീസ് കോൺസ്റ്റബിളും മർദ്ദിക്കാൻ കൂട്ടു ചേർന്നു. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി പറഞ്ഞതിൽ അല്പം പിശകുണ്ട്. സലാഹുദ്ദീനും കൂടി ചേർന്നല്ല തമ്പാ നൂർ ബസ് സ്റ്റാൻഡിൽ വച്ച് അയാളെ മർദ്ദിക്കുന്നത്. സ്റ്റേഷനിൽ വന്ന ശേഷ മാണ് സലാഹുദ്ദീൻ മർദ്ദനത്തിൽ കൂട്ടു ചേർന്നത്. ഇതിൽ ഏറ്റവും പ്രാധാന്യ മുള്ള വിഷയമെന്നു പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. പോലീസുകാരുടെ ലോക്കപ്പ് മർദ്ദനത്തേക്കാൾ ഏറ്റവും ക്രൂരമായ നടപടി ഇൻഫോർമറും പോക്കറ്റടിക്കാരനുമായ 'പട്ടാളം രഘു' ലോക്കപ്പിൽ കയറി ബിനോയിയെ ക്രൂരമായി മർദ്ദിച്ചു എന്നതാണ്. ലോക്കപ്പ് മർദ്ദനം നടത്തുന്നത് പോലീസാണ്. ഇവിടെ പോലീസുകാരോടൊപ്പം 'പട്ടാളം രഘു' എന്ന പോക്ക റ്റടിക്കാരൻ കൂടി പോലീസുകാരുടെ ഇൻഫോർമർ എന്ന നിലയിൽ ലോക്ക പ്പിൽ കയറി അയാളെ മർദ്ദിച്ചു. അതുകൊണ്ടാണ് ഞാൻ ജനകീയപോലീസു കാരൻ എന്നു രഘുവിനെ വിശേഷിപ്പിച്ചത്. ഇരുകൈകളും പിന്നിൽ കൂട്ടി ക്കെട്ടി തൊഴിച്ചു. കൈ ഒടിയുമെന്നു തോന്നിയപ്പോൾ 'ഞാൻ ദന്തൽ കോളേജ് വിദ്യാർത്ഥിയാണ്, എന്റെ കൈകൊണ്ടുവേണം എനിക്ക് ജോലി ചെയ്യാൻ, അതുകൊണ്ട് എന്റെ കൈ ഒടിയാൻ അനുവദിക്കരുത്' എന്ന് ബിനോയി കരഞ്ഞുപറയുകയും അലമുറയിട്ട് നിലവിളിക്കുകയും ചെയ്തു. എന്നിട്ടും യാതൊരു കരുണയും കാണിച്ചില്ല. തുടർന്ന് കാലിൽ വിലങ്ങ് വച്ച് അനങ്ങാൻപോലും അനുവദിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ! ഇതു ഗവ ണ്മെന്റിന്റെ നയമാണോ? ഒരു മെഡിക്കൽ വിദ്യാർത്ഥിയെ ലോക്കപ്പിനുള്ളിൽ കാലിൽ വിലങ്ങു വയ്ക്കുന്നത് ഗവണ്മെന്റിന്റെ നയമാണോ? രാത്രി 11 മണി യോടുകൂടി സ്റ്റേഷനിൽ സി.ഐ. എത്തി. അദ്ദേഹം ബന്ധുക്കളെ വിവരം അറി യിക്കാൻ പറയുകയും ആരെങ്കിലും വന്നാൽ വിട്ടയയ്ക്കാൻ നിർദ്ദേശം കൊടു ക്കുകയും ചെയ്തു. സി.ഐ. പോയപ്പോൾ എന്താണ് പറഞ്ഞത്, 'ആരു പറ ഞ്ഞാലും നിന്നെ വിടുകയില്ല' എന്നാണ്. മാത്രമല്ല ഇരട്ടി മർദ്ദനവുമായി. രാത്രി മുഴുവൻ ലോക്കപ്പിൽ തറയിൽ കിടന്നു. ഒരു തുള്ളി വെള്ളം പോലും ചോദിച്ചിട്ടു കൊടുത്തില്ല. രാവിലെയായപ്പോൾ എസ്.ഐ. വന്നു. വിവരമ റിഞ്ഞ എസ്.ഐ. അമ്മാവനെ ഫോൺ ചെയ്തു പറഞ്ഞു. ടാഗോർ തിയേറ്റ റിന്റെ എതിർവശത്താണ് ബിനോയിയുടെ അമ്മാവൻ താമസിക്കുന്നത്. അവിടെ ഫോൺ ചെയ്തു പറഞ്ഞിരുന്നുവെങ്കിൽ അവർ വന്ന് കൂട്ടിക്കൊണ്ടു പോകുമായിരുന്നു. എസ്.ഐ വന്നശേഷം രാവിലെയാണ് ഫോൺ ചെയ്ത് അമ്മാവനെ അറിയിച്ചത്. അവർ ബിനോയിയെ കൂട്ടിക്കൊണ്ടുപോയി. ഇതിനി ടയ്ക്ക് കമ്മിഷണറുടെ ഫോൺ സന്ദേശം വന്നു. വിട്ടയയ്ക്കണമെന്നാണ് പറ ഞ്ഞത്. അമ്മാവൻ പോലീസ് കമ്മീഷണറെ കണ്ട് പരാതി നൽകി. പോലീസ് മർദ്ദനത്തിൽ ബിനോയിയുടെ വൃക്കകൾക്ക് സാരമായ തകരാറ് സംഭവിച്ചിട്ടു ണ്ട്. എക്സ്റേ പരിശോധനയിലും സ്കാനിംഗ് റിപ്പോർട്ടിലും ക്രൂരമായ മർദ്ദ നമേറ്റിട്ടുണ്ട് എന്നു തെളിഞ്ഞിട്ടുണ്ട്. ഇതിലൊരു പ്രത്യേകതയുള്ളത് സംഭവ ദിവസം തമ്പാനൂർ പോലീസ് സ്റ്റേഷനിലെ ഒരു പോലീസ് കോൺസ്റ്റബിൾ റിട്ടയർ ചെയ്തു. റിട്ടയർ ചെയ്ത ആ പോലീസുകാരന്റെ വീട്ടിൽവച്ച് റിട്ട

LIBRARY ARCHIVES Kerala Legislative Assembly

യർമെന്റ് പാർട്ടിയുണ്ടായിരുന്നു. തമ്പാനൂർ പോലീസ് സ്റ്റേഷനിലെ പോലീസുകാർ മാറിമാറി ആ പാർട്ടിക്കു പോയി, മൂക്കറ്റം കുടിച്ചു ലക്കുകെട്ടാണ് വന്നത്. മദ്യപിച്ചുവന്ന അവർക്ക് സി.ഐ. പറഞ്ഞതോ അല്ലെങ്കിൽ മറ്റുള്ളവർ പറഞ്ഞതോ കേൾക്കാനുള്ള ഒരു ബോധമുണ്ടായിരുന്നില്ല. ആ പാർട്ടി കഴിഞ്ഞ് മടങ്ങിവന്ന പോലീസുകാരാണ് ഇവരെ മർദ്ദിച്ചത്. നഗരത്തിലെ മിക്കവാറും പോലീസ് സ്റ്റേഷനിൽ ഇതാണ് സ്ഥിതി. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുന്നു, പോക്കറ്റടിക്കാരനും ഇൻഫോമറുമായ 'പട്ടാളം രഘു' എന്നയാൾ എങ്ങനെ ലോക്കപ്പിൽ കയറി മർദ്ദിച്ചു? അത് അങ്ങ് അന്വേഷിക്കണം. രണ്ട്, സസ്പെൻഷൻ പണിഷ്മെന്റാണോ? ഇവിടെ മുഖ്യമന്ത്രി സസ്പെൻഡുചെയ്തുവെന്ന് പറഞ്ഞു. രണ്ട് ദിവസംമുമ്പ് ഇവിടെ ശ്രീ. പാലോട് രവി ഉന്നയിച്ച ലോറി ഡ്രൈവറെ മർദ്ദിച്ച പ്രശ്നമില്ലേ? ആ ലോറി ഡ്രൈവറെ മർദ്ദിച്ച പോലീസുകാരെ സസ്പെന്റ് ചെയ്തു. ക്രിമിനൽ കേസ്സെടുത്തോ? ആ പ്രതികളെ അറസ്റ്റുചെയ്തോ? ആ സംഭവത്തിൽ ക്രിമിനൽ കേസ്സ് എടുത്ത് പോലീസ് ഉദ്യോഗസ്ഥന്മാരെ അറസ്റ്റു ചെയ്തിരുന്നുവെങ്കിൽ ഈ സംഭവം ഇന്ന് നഗരത്തിൽ സംഭവിക്കുമായിരുന്നില്ല. അവരെ അറസ്റ്റ് ചെയ്യാത്തതുകൊണ്ടാണ് ഇന്ന് ഈ നഗരത്തിൽ ഈ സംഭവം ആവർത്തിക്കുന്നത്. അവരെ സസ്പെന്റ് ചെയ്തുവെന്ന് ഇവിടെ മറുപടി പറഞ്ഞല്ലോ? സസ്പെൻഡു ചെയ്തതുകൊണ്ട് പ്രശ്നം തീരുമോ? ആ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തുകൊണ്ട് ക്രിമിനൽ കേസ്സെടുത്ത് അവരെ അറസ്റ്റുചെയ്തില്ല? ഗവണ്മെന്റ് അവർക്ക് കൂട്ടുനിൽക്കുകയാണ്. രണ്ടുവർഷം മുമ്പ് ശംഖുമുഖത്ത് ശാന്തപ്പനെന്ന കോൺഗ്രസ്സുകാരനെ മ്യൂസിയം പോലിസ് സ്റ്റേഷനിൽ മർദ്ദിച്ചു. രണ്ടുവർഷമായിട്ടും ആ കേസിൽ കുറ്റവാളികൾക്കെതിരെ ഇന്നുവരെ കേസ് എടുത്തിട്ടില്ല. നിരന്തരം തലസ്ഥാന നഗരിയിൽ ഇത് നടക്കുകയാണ്. അതുകൊണ്ട് ജനങ്ങൾ രോഷാകുലരാണ്, ക്ഷുഭിതരാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തമ്പാനൂർ പോലീസ് സ്റ്റേഷനിൽവച്ച് ബിനോയി എന്ന വിദ്യാർത്ഥിക്ക് മർദ്ദനമേറ്റ സംഭവം ഗൗരവത്തോടുകൂടിയാണ് ഗവണ്മെന്റ് കാണുന്നത്. ബിനോയിയുടെ മൊഴിയനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കേസ് അന്വേഷണച്ചുമതല സിറ്റിയിലെ അസിസ്റ്റന്റ് പോലീസ് കമ്മിഷണർ ക്രൈം ഡിറ്റാച്ച്മെന്റിനെ ഏല്പിച്ചിട്ടുണ്ട്. പ്രതികളെ അറസ്റ്റു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്നുകണ്ട മൂന്നു പോലീസുകാരെ സർവ്വീസിൽനിന്നും സസ്പെൻഡു ചെയ്യുകയും അച്ചടക്കനടപടി സ്വീകരിച്ച് അവർക്കെതിരായിട്ടുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ജനങ്ങളെ അടിച്ചമർത്താനുള്ള ഉപകരണമായി പോലീസിനെ ഉപയോഗിക്കുന്നനയം ഗവണ്മെന്റിനില്ല. സർക്കാർ നിലപാടിനു വിരുദ്ധമായി ജനങ്ങളെ ദ്രോഹിക്കാൻ ഒറ്റപ്പെട്ട ചില പോലീസുകാർ ശ്രമിക്കുന്നുണ്ട്. അതിനെ അർഹിക്കുന്ന ഗൗരവത്തോടുകൂടി കണ്ട് കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും. കുറ്റക്കാർക്ക് എതിരെ നടപടിയെടുക്കുന്ന കാര്യത്തിൽ യാതൊരുവിധ ഭരണ-പ്രതിപക്ഷ വ്യത്യാസവുമുണ്ടാവുകയില്ല. ഏകസ്വരത്തിൽ ഇത്തരം തെറ്റുകളെ അപലപിക്കുകയാണ് വേണ്ടത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയ അവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ

(1) ഭാരതപ്പുഴയുടെ തീരപ്രദേശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ബാലറാം : സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിയില്ലല്ലോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തോ അത്യാവശ്യമായി പോകേണ്ടിവന്നു. കുഴപ്പമില്ല അവതരിപ്പിച്ചോളൂ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വി. ബാലറാം : സർ, കേരളത്തിലെ പാലക്കാട് , തൃശ്ശൂർ, മലപ്പുറം എന്നീ മൂന്നു ജില്ലകളിലൂടെ കടന്നുപോകുന്ന ഭാരതപ്പുഴയുടെ തീരസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പരിസ്ഥിതി ചിന്തകരും സാംസ്ക്കാരിക നായകൻമാരും പലപ്പോഴും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കടൽനിരപ്പിൽ നിന്നും 2000 അടി ഉയരത്തിൽ ആനമല എന്നു പറയുന്ന സ്ഥലത്തു നിന്നും ആരംഭിച്ച് 151 കിലോമീറ്റർ പിന്നിട്ട് പൊള്ളാച്ചി താലൂക്കിലൂടെ കടന്ന് ഒറ്റപ്പാലം, ചിറ്റൂർ, പാലക്കാട്, തലപ്പള്ളി, തിരൂർ, പൊന്നാനി താലൂക്കുകൾ പിന്നിട്ട് പൊന്നാനിക്കടുത്ത് കടലിൽ ചേരുന്ന നിളാനദി എന്നും ദക്ഷിണഗംഗയെന്നും അറിയപ്പെടുന്ന ഭാരതപ്പുഴയ്ക്ക് ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. 2100 സ്കയർ മൈൽ പ്രദേശത്താണ് ഇത് ഡ്രെയിനേജിന് പ്രയോജനപ്പെടുന്നത്. ഈ പുഴയുടെ തീരത്ത് ധാരാളം ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളുമുണ്ട്. മരം, ഓട്, കളിമണ്ണ്, കയർ, തീപ്പെട്ടി, ഇരുമ്പ് വ്യവസായങ്ങൾ, റൈസ് മില്ലുകൾ, പായനെയ്ത്ത്, ഇഷ്ടിക നിർമ്മാണം എന്നിവയ്ക്കുപുറമെ ധാരാളം കൃഷി ചെയ്യുന്ന സ്ഥലങ്ങളുണ്ട്. നെല്ല്, കാപ്പി, വാഴ, റബ്ബർ, പച്ചക്കറികൾ എന്നിവ അവിടെ കൃഷിചെയ്തുവരുന്നുണ്ട്. ഈ തീരപ്രദേശങ്ങളിൽ വളരെക്കാലമായി ആയിരക്കണക്കിന് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പക്ഷേ ഈ പുഴയുടെ തീരം ഇന്ന് വളരെ ശോചനീയമായ ഒരവസ്ഥയിലാണെന്നു മാത്രമല്ല, പരിസ്ഥിതിയെ സംബന്ധിച്ചിടത്തോളം വളരെ മലീമസമായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഈ മൂന്നു ജില്ലകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള മണൽ ഈ പുഴയോരത്തുനിന്നുമാണ് നൂറ്റാണ്ടുകളായി എടുത്തുകൊണ്ടിരിക്കുന്നത്. ആ പുഴയുടെ സംരക്ഷണം പരിഗണിച്ച് മണൽ എടുക്കുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതിയുടെ ഒരുത്തരവിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ മണലെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത്. പുഴയുടെ സംരക്ഷണംകൂടി കണക്കിലെടുത്തുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്തിയതെങ്കിലും ഈ മണലിന് വില നിശ്ചയിക്കുന്ന കാര്യത്തിൽ യാതൊരു തത്വദീക്ഷയും ശാസ്ത്രീയമായ സമീപനവുമില്ലെന്നുള്ളത് ഏറ്റവും സങ്കടകരമായ കാര്യമാണ്. സർക്കാരിനാണ് മണലെടുക്കുന്നതിന്റെ മുഖ്യമായിട്ടുള്ള പണവും ലഭിക്കുന്നത്. 1998-ൽ ഒരു ലോഡ് മണിലിന് 400 രൂപയാണ് വിലയുണ്ടായിരുന്നതെങ്കിൽ 1999-ൽ അത് 600 രൂപയായി ഉയർന്നു. 2000 ജനുവരി ഒന്നിന് അത് 1200 രൂപയായി വർദ്ധിപ്പിച്ചു. അത് വളരെ അശാ

LIBRARY ARCHIVES Kerala Legislative Assembly